©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഫെബ്രുവരി 18<br>18th February 2020<br>1195 കുംഭം 5<br>5th Kumbham 1195<br>1941 മാഘം 29<br>29th Magha 1941 | നമ്പർ<br>No. 560 |

**കേരള സർക്കാർ**

നിയമ (നിയമനിർമ്മാണം-ഇ) വകുപ്പ്

വിജ്ഞാപനം

നമ്പർ 62/ലെഗ് ഇ1/2020/നിയമം.

*തിരുവനന്തപുരം, 2020 ഫെബ്രുവരി 18*
*1195 കുംഭം 5*
*1941 മാഘം 29.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2020 ഫെബ്രുവരി മാസം 17-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2020-ലെ 1-ാം ആക്റ്റ്**

## 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ്

മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളുടെ മൃതദേഹം
അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി
ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ
ആയ കാര്യങ്ങൾക്കും വേണ്ടി
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു
ആക്റ്റ്

പീഠിക.–മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളുടെ മൃതദേഹം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) “സെമിത്തേരി" എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ ഒരു കോൺക്രീറ്റ് അറയിൽ അല്ലെങ്കിൽ തറയിൽ എടുത്തിട്ടുള്ള കുഴിയിൽ അടക്കം ചെയ്യുന്നതിനായി വേർതിരിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(ബി) “ക്രിസ്ത്യാനി" എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി അംഗീകരിക്കുന്നവരും സ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഇടവക" എന്നാൽ കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കുന്നതിനായി ഒരു പള്ളി അല്ലെങ്കിൽ പ്രാർത്ഥനാ ഹാൾ ഉള്ള ക്രിസ്ത്യാനി കുടുംബങ്ങളുടെ ഒരു കൂട്ടായ്മ എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

3. മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം.—(1) ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ അതിന്റെ സെമിത്തേരിയിലോ ഉള്ള ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്ത് വച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്ക് വേണ്ടി തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഒരു ഇടവകയിൽ ഉൾപ്പെടുന്ന ഒരു കുടുംബത്തിലെ അംഗം എന്നതിൽ ആ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആൾക്കാരുടെയും പിൻഗാമികളും ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ്-യാക്കോബായ സഭാ വിശ്വാസത്തിൽ നിന്നും മാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു.

4. ശിക്ഷ.—3-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, മൃതദേഹം അടക്കം ചെയ്യുന്നത് തടയുകയോ തടയാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

5. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും രാജിയാക്കാവുന്നതും ആയിരിക്കുമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും മരണപ്പെട്ടയാളിന്റെ കുടുംബാംഗങ്ങൾക്ക് രാജിയാക്കാവുന്നതും ആയിരിക്കുന്നതാണ്.

6. രജിസ്റ്ററുകളുടെ പരിപാലനം.—ഇടവകയിലെ വികാരി 3-ാം വകുപ്പ് പ്രകാരം സെമിത്തേരിയിൽ നടത്തപ്പെട്ട മൃതദേഹം അടക്കലിനു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വികാരി അങ്ങനെയുള്ള രജിസ്റ്റർ ഒരു സ്ഥിരമായ രേഖയായി അയാളുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും അയാൾക്ക് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന ഫീസ് സ്വീകരിച്ചുക്കൊണ്ട് ഏതൊരാൾക്കും ഇതിലേയ്ക്കായി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ഓർഡിനൻസ് (2020-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/